**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവകലാശാലയിലെ വിവിധ പഠന / ഗവേഷണ വകുപ്പുകളിൽ ലാബ് അറ്റൻഡർമാരുടെ ജോലികൾ ചെയ്യുന്നതിനുള്ള പരമാവധി ആളുകളുടെ എണ്ണവും അവർക്ക് വേതനം നൽകുന്നതിനു വകുപ്പ് തലവന്മാർക്ക് അനുവദിക്കുന്ന പരമാവധി തുകയും നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 3 സെക്ഷൻ**

നമ്പർ. 2368/AD A 3/2020/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 08.06.2020

---

*പരാമർശം:*-1) സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് മേധാവിയുടെ 06.11.2019 തീയതിയിലെ കത്ത് നം. എസ്.സി.എസ്./1021/ജീവനക്കാര്യം/2019

2) സർവകലാശാല പരിപത്രം നം. എഡി എ3 /2/204/2011(4) തീയതി, 26/04/2017

3) സർവകലാശാല ഉത്തരവ് നമ്പർ 3623/എ3/2/2017/ഭ.വി. തീയതി 17.06.2017

4) 15.01.2020 തീയതിയിലെ സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ് നം. 43278/AD A3/4/2019/ADMIN

5) 26.05.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 57/20.02/DDFS-43728/2019

**<u>ഉത്തരവ്</u>**

സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ ലാബുകളിലെ ഗവേഷണ ഉപകരണങ്ങളുടെ പ്രവർത്തനങ്ങൾക്കും മറ്റും സഹായിക്കുന്നതിനായി ദിവസവേതന വ്യവസ്ഥയിൽ പ്രതിദിനം ₹500/- നിരക്കിൽ നിയോഗിക്കപ്പെട്ട 2 പേർക്കും, താത്കാലിക ഓഫീസ് അറ്റൻഡന്റ് ആയി പ്രതിദിനം ₹500/- രൂപ നിരക്കിൽ നിയോഗിക്കപ്പെട്ട ഒരാൾക്കും ഉൾപ്പെടെ 3 പേർക്ക് ഒക്ടോബർ മാസത്തെ വേതനം ഓഡിറ്റ് തടസ്സവാദം മൂലം ലഭിച്ചിട്ടില്ലാത്തതിനാൽ, ദിവസക്കൂലി ജീവനക്കാർക്ക് വേതനം നൽകുന്നതിനായി വകുപ്പ് മേധാവിക്ക് അനുവദിച്ചിരിക്കുന്ന ₹12500/- എന്ന പ്രതിമാസ പരിധി പരിഷ്കരിച്ച് ഉത്തരവ് നൽകണമെന്ന് പരാമർശം (1) പ്രകാരം സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് വകുപ്പ് മേധാവി അപേക്ഷിച്ചിരുന്നു.

സർവകലാശാലയിലെ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ ലാബ് അറ്റൻഡർ പോലെയുള്ള തസ്തികകളിൽ സ്ഥിര നിയമനം നടക്കാത്ത സാഹചര്യത്തിൽ, ദിവസ കൈപറ്റു രസീതിന്റെ അടിസ്ഥാനത്തിൽ താത്കാലിക ജോലിക്കാരെയാണ് നിലവിൽ നിയോഗിക്കുന്നത്. പരാമർശം (2),(3) പ്രകാരം വകുപ്പ് തലവന്മാർക്കു പ്രതിമാസം പരമാവധി 12500/- രൂപയിൽ കൂടാത്ത തുകയാണ് ഇപ്രകാരം നിയോഗിക്കപ്പെടുന്ന താല്കാലിക കൂലിക്കാർക്ക് നല്കാൻ അനുവദിച്ചിരിക്കുന്നത്. ഒന്നിൽ കൂടുതൽ താത്കാലിക കൂലിക്കാരെ നിയോഗിച്ചിരിക്കുന്ന വകുപ്പുകളിൽ ഈ തുക അപര്യാപ്തമായതു മൂലം വേതനം നൽകുന്നതിന് നിലവിൽ തടസ്സം നേരിടുന്നുണ്ട്.

Draft #2 of File 43728/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 07-Jun-2020 03:07 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ രണ്ടു ലാബ് അറ്റൻഡർമാരുടെ ജോലികൾ ചെയ്യുന്നതിലേക്കാണ് നിലവിൽ ഉണ്ടായിരുന്ന ഒരു താത്കാലിക കൂലി കൂടാതെ രണ്ടു പേരെ കൂടി അനുവദിച്ചിരുന്നത്. സർവകലാശാലയിലെ വിവിധ പഠന/ ഗവേഷണ വകുപ്പുകളിലും സമാന പരിതസ്ഥിതി നിലനിൽക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ സർവകലാശാലയിലെ വിവിധ പഠന/ ഗവേഷണ വകുപ്പുകളുടെ പ്രവർത്തനം തടസ്സരഹിതമായി മുൻപോട്ടു പോകുവാൻ അതാതു വകുപ്പുകളുടെ അത്യാവശ്യത്തിനു അനുസൃതമായി മാത്രം താത്കാലിക ദിവസ കൂലിക്കാരെ എഡി എ3 സെക്ഷനിൽനിന്നും ₹500/- ദിവസ വേതനത്തിൽ നിയോഗിക്കുന്നതിനും ടിയാളുകൾക്കു വേതനം നല്കുന്നതിലേക്കായി ഒരാൾക്ക് പ്രതിമാസം പരമാവധി ₹12500/- എന്ന നിരക്കിൽ നിയോഗിക്കപ്പെടുന്ന കൂലിക്കാരുടെ എണ്ണത്തിന് ആനുപാതികമായി പരമാവധി തുക വകുപ്പ് തലവന്മാർക്കു അനുവദിക്കുന്നത് പരിഗണിക്കുന്നതിനുമായി പരാമർശം (4) പ്രകാരം സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ് സമർപ്പിച്ചിരുന്നു.

പരാമർശം (5) പ്രകാരം, 26.05.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം മേൽ വിഷയം പരിഗണിച്ച് താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടിരിക്കുന്നു.

"സർവകലാശാലയിലെ വിവിധ പഠന / ഗവേഷണ വകുപ്പുകളിൽ ലാബ് അറ്റൻഡർമാരുടെ ജോലികൾ ചെയ്യുന്നതിന് നിലവിലുള്ളതുൾപ്പെടെ ആവശ്യാനുസരണം മാത്രം പരമാവധി രണ്ടു പേരെ അനുവദിക്കാനും ഇവരുടെ വേതനം നല്കുന്നതിലേക്കായി ഒരാൾക്ക് പ്രതിമാസം പരമാവധി ₹12,500/- (പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) എന്ന നിരക്കിൽ പരമാവധി ₹25,000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം) വരെ വകുപ്പ് തലവന്മാർക്ക് അനുവദിക്കുന്നതിനും തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ എസ് ചാവറ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. പി.ആർ.ഒ /സിറ്റാഡ്/സി.എം.എസ് (വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി)
7. എഫ്.സി.സി./എ.സി.സി./ഫിനാൻസ് 1/ഓഡിറ്റ് 1/5/ഐ.ക്യു.എ.സി.
8. എഡി എ1/എഡി എ2/എഡി എ4/എഡി എ5/എഡി സി.1/2/3/എഡിഡി
9. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

Draft #2 of File 43728/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 07-Jun-2020 03:07 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 43728/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 07-Jun-2020 03:07 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം